ചാത്തന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം

122 (1708) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ സബ് ട്രഷറിക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ട്രഷറി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ട്രഷറി കെട്ടിടവും, ജനറേറ്ററും, സോർട്ടിംഗ് മെഷീനും ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കെട്ടിട നിർമ്മാണത്തിന്റെ സ്ഥല ലഭ്യത അനുസരിച്ചേ ഈ പരിപാടി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

വടകര ട്രഷറി വിപുലീകരിക്കാൻ നടപടി

123 (1709) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര ട്രഷറി സ്ഥലപരിമിതിമൂലം പ്രയാസങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വടകര ട്രഷറിയുടെ നവീകരണത്തിനും സ്ഥല സൗകര്യം മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൗരാവകാശ രേഖയുടേയും സോഷ്യൽ ഓഡിറ്റിന്റേയും അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന ട്രഷറി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ജനറേറ്ററും സോർട്ടിംഗ് മെഷീനും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും പരിപാടിയുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഈ നടപടികൾ ആരംഭിക്കുന്നതാണ്.

കാഞ്ഞാണി സബ് ട്രഷറി കെട്ടിടം പണിയാൻ അനുമതി

124 (1710) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സബ് ട്രഷറികൾക്ക് കെട്ടിടം നിർമ്മിച്ചുനൽകുമ്പോൾ ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly